**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1524** **03-02-2026 - ൽ മറുപടിയ്ക്ക്**

**തൊടുപുഴ മണ്ഡലത്തിൽ തൊഴിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2021-25 കാലയളവിൽ തൊടുപുഴ മണ്ഡലത്തിൽ തൊഴിൽ വകുപ്പിനുകീഴിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കാമോ? | (എ) | തൊഴിൽ വകുപ്പ് മണ്ഡലാടിസ്ഥനത്തിൽ പ്രത്യേകമായി പദ്ധതികളൊന്നും തയ്യാറാക്കുന്നില്ല. സംസ്ഥാനമാകെ ബാധകമായ പൊതു പദ്ധതികൾ അർഹതാമാനദണ്ഡം അനുസരിച്ച് **തൊടുപുഴ** മണ്ഡലത്തിനും ബാധകമാണ്.<br><br>2021-25 കാലയളവിൽ തൊടുപുഴ മണ്ഡലത്തിൽ തൊഴിൽ വകുപ്പിന് കീഴിൽ തൊടുപുഴ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം തൊടുപുഴ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**സമന്വയ പദ്ധതി**<br><br>പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ വികസനം ലക്ഷ്യം വച്ച് 2023-2024 സാമ്പത്തിക വർഷം 30 ഉദ്യോഗാർത്ഥികൾക്കായി 60 ദിവസത്തെ സൗജന്യ മത്സര പരീക്ഷാ പരിശീലന പരിപാടി നടപ്പിലാക്കി. പദ്ധതി നടത്തിപ്പിനായി ഈ കാര്യാലയത്തിന് 460,000/- (നാലു ലക്ഷത്തി അറുപതിനായിരം) രൂപ അനുവദിച്ചിരുന്നു. മത്സര പരീക്ഷാ പരിശീലന പരിപാടിയിൽ പങ്കെടുത്ത 30 കുട്ടികൾക്ക് സ്റ്റൈപ്പന്റ്, സ്റ്റഡി മെറ്റീരിയലുകൾ എന്നിവ നൽകുകയുണ്ടായി. 12.06.2023 മുതൽ 23.08.2023 വരെ ആയിരുന്നു പരിശീലന കാലയളവ്.<br><br>കൂടാതെ ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിൽ തൊടുപുഴ മണ്ഡലത്തിൽ 2 തൊഴിൽ മേളകൾ ഈ കാലയളവിൽ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ